(സി) പ്രൈമറി ക്ലാസ്സുകളിൽ ഇംഗ്ലീഷ് പാഠ്യവിഷയമായും അതോടൊപ്പം ഇംഗ്ലീഷ് മീഡിയത്തിലുള്ള പാഠപുസ്തകം തയ്യാറാക്കി 1, 3 ക്ലാസ്സുകൾക്ക് കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. 2, 4 ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം പാഠപുസ്തകം അടുത്തവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നൽകുന്നതിനായി പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്ക് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം, ബാംഗ്ലൂർ ആർ.ഐ.ഇ.എസ്.ഐ.-മായി ചേർന്ന് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം, കുട്ടികൾക്ക് ഇംഗ്ലീഷിൽ സംസാരിക്കുവാനും എഴുതുവാനും ഉതകുന്ന തരത്തിൽ ഇംഗ്ലീഷ് ഫെസ്റ്റുകൾ എന്നിവ പരിഗണനയിലുണ്ട്.

സെറ്റ് പരീക്ഷാഫലം

93 (1129) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ സെറ്റ് പരീക്ഷാഫലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സെറ്റ് പരീക്ഷയിൽ പിന്നോക്ക വിഭാഗങ്ങൾക്കും, എസ്.സി/എസ്.ടി. വിഭാഗത്തിനും മാർക്കിളവ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല ആർക്കെന്നു വ്യക്തമാക്കുമോ ;

(ഡി) പിന്നോക്ക, എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് വിലക്കേർപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 2014-ലെ സെറ്റ് പരീക്ഷാഫലം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിക്കാണ്.

(ഡി) എല്ലാ വിഭാഗങ്ങളുടെയും പരീക്ഷാഫലം 17-12-2014-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ പദ്ധതികൾ

94 (1130) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയവ ഏതൊക്കെയാണ് ; അതിനായി ചെലവഴിച്ച തുകയെത്ര ;

(ബി) 2014-15 ബഡ്ജറ്റിൽ വകയിരുത്താത്ത തുക ഇതിനായി വിനിയോഗിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ് ;

(ഡി) ആരംഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാൻ എത്ര ബാക്കിയുണ്ടെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതി പ്രകാരം ഇനി എത്ര ദിവസങ്ങൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളൊന്നും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല പദ്ധതികളുടെയും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ആശ്വാസ് - 5 കോടി രൂപ
2. ജി.വി. രാജാ സ്പോർട്സ് സ്കൂൾ - 5.5 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly